5 പെർമിറ്റ് പുതുക്കൽ

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ള കടലാസിലുള്ള അപേക്ഷയും നിലവിലുള്ള പെർമിറ്റും, പ്ലാനും, കൈവശാവകാശ സർട്ടിഫിക്കറ്റും സമർപ്പിക്കണം.	പെർമിറ്റ് കാലാവധി തീർന്ന് 5 വർഷത്തിനുള്ളിൽ	അതാത് സമയം പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ 50%	7 പ്രവൃത്തി ദിവസം

6 പെർമിറ്റ് കൈമാറ്റം ചെയ്യൽ

5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ, നിലവിലുള്ള പെർമിറ്റും, പ്ലാനും, പ്രമാണത്തിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതി ശീട്ടിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കണം	പ്രമാണത്തിന്റെ അസ്സൽ ഹാജരാക്കണം. നിലവിലുള്ള അവകാശിയുടെ സമ്മതപത്രം ഹാജരാക്കണം	25 രൂപ	7 പ്രവൃത്തി ദിവസം

7 പുതിയ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന്

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
പെർമിറ്റ് എടുത്ത് ചെയ്യുന്നവർ അംഗീകൃത പ്ലാനിന്റെയും പെർമിറ്റിന്റെയും പകർപ്പ് കംപ്ലീഷൻ സർട്ടിഫിക്കറ്റും അല്ലായെങ്കിൽ കംപ്ലീഷൻ പ്ലാനും, കംപ്ലീഷൻ സർട്ടിഫിക്കറ്റും സഹിതവും വെള്ളക്കടലാസിൽ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയോടൊപ്പം ഹാജരാക്കണം. കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി രശീത് ഹാജരാക്കണം.	സെക്രട്ടറി ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുവാൻ അപേക്ഷകൻ ബാധ്യസ്ഥനാണ്. നമ്പർ ലഭിക്കുന്ന അവസരത്തിൽ ആ വർഷത്തെ കെട്ടിട നികുതി അടവാക്കേണ്ടതാകുന്നു.	പെർമിറ്റ് എടുക്കാത്ത വർക്ക് 100 വരെ 300/- 101 - 300 1000/- 300 ന് മുകളിൽ 3000/-	15 ദിവസത്തിനുള്ളിൽ

8 കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്

വെള്ളക്കടലാസിലുള്ള അപേക്ഷ (അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച്) നൽകുക. or ഓൺലൈനായി ILGMS സോഫ്റ്റ് വെയറിൽ അപേക്ഷിക്കാവുന്നതാണ്.	അസ്സസ്സ്മെന്റ് റജിസ്റ്ററിൽ പേര് ഉണ്ടായിരിക്കണം. നികുതി കുടിശ്ശിക ഉണ്ടായിരിക്കരുത്. കെട്ടിട നമ്പർ കാണിച്ചിരിക്കണം. എന്താവശ്യത്തിനാണ് സർട്ടിഫിക്കറ്റ് എന്ന് വ്യക്തമാക്കിയിരിക്കണം.	സർട്ടിഫിക്കറ്റ് സൗജന്യമായി ലഭിക്കുന്നതാണ്.	3 പ്രവർത്തി ദിവസം. തന്നാണ്ട വർഷത്തെ കെട്ടിട നികുതി അടവാക്കിയാൽ സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭിക്കും

9 താമസക്കാരനാണെന്ന സർട്ടിഫിക്കറ്റ്

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
അപേക്ഷ ഓൺലൈനായും ഓഫീസ് മുഖാന്തിരവും അപക്ഷിക്കാം. 5 രൂപ കോർട്ട്ഫീസ്റ്റാമ്പ് പതിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം ഓഫീസിൽ അപേക്ഷിക്കാം	വാടകക്ക് താമസിക്കുന്നവർ വാടകചീട്ടും, ഉടമസ്ഥന്റെ സമ്മതപത്രവും ഹാജരാക്കണം. റേഷൻകാർഡിന്റെ പകർപ്പ്, മാരേജ് സർട്ടിഫിക്കറ്റ്, മെമ്പറുടെ സാക്ഷ്യപത്രം ഇവയിൽ ഏതെങ്കിലും ഒന്ന്	സർട്ടിഫിക്കറ്റ് സൗജന്യമായി ലഭിക്കുന്നതാണ്.	5 പ്രവൃത്തി ദിവസത്തിനകം. അന്വേഷണം വേണ്ടവയിൽ 15 പ്രവൃത്തി ദിവസം

10 കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ

വെള്ളക്കടലാസിലുള്ള അപേക്ഷ (അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച്) നൽകുക. കൈമാറ്റം സംബന്ധിച്ച അസ്സൽ രേഖ/ ആധാരം, (ഒറിജിനലും, പകർപ്പും), വസ്തു കൈവശക്കാരൻ മരണപ്പെട്ടെങ്കിൽ അനന്തരാവകാശിയുടെ സർട്ടിഫിക്കറ്റ്, മുൻ ഉടമയുടെ വിശ്വസനീയമായ സമ്മതപത്രം/മരണ സർട്ടിഫിക്കറ്റ് കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി രശീത്.	കെട്ടിടനമ്പർ അപേക്ഷയിലും, ആധാരത്തിലും ഉണ്ടാകണം ആധാരത്തിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ, ടി നമ്പറിൽ കെട്ടിടം സ്ഥിതി ചെയ്യുന്നു എന്ന വില്ലേജ് ഓഫീസറുടെസാക്ഷ്യപത്രം. വില്ലേജിൽ കരമൊടുക്കിയ രേഖ. കെട്ടിട നികുതി കുടിശ്ശിക പാടില്ല.	പ്രമാണം കൈമാറ്റം ചെയ്ത് 3 മാസം കഴിഞ്ഞ് ഉടമസ്ഥന്റെ മരണ ദിവസം മുതൽ 1 വർഷം കഴിഞ്ഞാണ് അറിയിക്കുന്നതെങ്കിൽ 500 രൂപ വരെ പിഴ.	45 ദിവസം

11 ചുമത്തിയ കെട്ടിട നികുതിയിന്മേലുള്ള അപ്പീൽ

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
വെള്ളക്കടലാസിലുള്ള അപേക്ഷ (അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച്) നൽകുക. (സെക്രട്ടറി ചുമത്തിയ നികുതി അധികമാണെന്നു പറയുന്നതിനുള്ള തെളിവ് സഹിതം.)	ചുമത്തിയ നികുതി ഒടുക്കി, രസീതിന്റെ പകർപ്പ് സഹിതം, നികുതി ചുമത്തി 30 ദിവസത്തിനകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുക.	പ്രത്യേക ഫീസില്ല.	ഒരു മാസം.

12 കെട്ടിട നികുതി ഒഴിവാക്കൽ

വെള്ളക്കടലാസിലുള്ള അപേക്ഷ (അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച്) നൽകുക.	കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ച് തീർത്തിരിക്കണം. നികുതി ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ തെളിവു സഹിതം കാണിച്ചിരിക്കണം.	പ്രത്യേക ഫീസില്ല.	ഒരു മാസം.

13 പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കൽ

വെള്ളക്കടലാസിലുള്ള അപേക്ഷ (അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച്) നൽകുക.	കെട്ടിട നമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻ വർഷം വരെയുള്ളത് അടച്ച് തീർത്തിരിക്കണം.	പ്രത്യേക ഫീസില്ല.	ഒരു മാസം.

14 കെട്ടിടത്തിന്റെ പഴക്കം നിർണ്ണയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
കെട്ടിടത്തിന്റെ പഴക്കം നിർണ്ണയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ILGMS വഴി അപേക്ഷ നൽകാവുന്നതാണ്. അല്ലെങ്കിൽ നകുതി അടവാക്കിയ കെട്ടിട ഉടമക്ക് സഞ്ചയ വഴി ഓൺലൈനായി സർട്ടിഫിക്കറ്റ് അടവാക്കാവുന്നതാണ്.	കെട്ടിടനമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ചുതീർത്തിരിക്കണം.	സർട്ടിഫിക്കറ്റ് സൗജന്യമായി ലഭിക്കും.	ഏഴു ദിവസം

15 റോഡ് മുറിച്ച് കേബിൾ / പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി

അഞ്ചുരൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച് വെള്ളക്കടലാസിൽ അപേക്ഷ നൽകണം.	അപേക്ഷയിൽ വാർഡും റോഡിന്റെപേര് കാണിച്ചിരിക്കണം. വാർഡുമെമ്പറുടെ ശുപാർശ കത്തും ഉണ്ടായിരിക്കണം. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതാണ്. റോഡ് പൂർവ്വസ്ഥിതിയിൽ പുനഃസ്ഥാപിച്ചതായ വാർഡുമെമ്പറുടേയും ഓവർസീയറുടേയും ശുപാർശ പ്രകാരം നിക്ഷേപം തിരികെ നൽകുന്നു.	എ. ഇ യുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും 2000/- രൂപ നിക്ഷേപവും.	30 ദിവസം. ക്ഷമതയുള്ള എഞ്ചിനീയറുടെ എസ്റ്റിമേറ്റ് സഹിതം സമർപ്പിച്ചാൽ 10 ദിവസം.

16 ജനന രജിസ്ട്രേഷൻ

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
ILGMS സോഫ്റ്റ്വെയറിൽ ഓൺലൈനായി അപേക്ഷ 21 ദിവസത്തിനകം നൽകണം.	പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന ജനനം മാത്രം. പഞ്ചായത്തിന് പുറത്ത് നടക്കുന്ന ജനനം ബന്ധപ്പെട്ട പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷനിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഇന്ത്യക്കാരുടെ വിദേശത്തുള്ള ജനനം സ്ഥിരതാമസത്തിനായി ഇവിടെ വന്നിറങ്ങി 60 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണം.	ജനനം കഴിഞ്ഞ് 21 ദിവസം വരെ സൗജന്യം. 30 ദിവസം വരെ രണ്ടു രൂപ ലേറ്റ് ഫീ.	ഹെൽത്ത് ഇൻസ്പെക്ടറുടെ എൻക്വയറി റിപ്പോർട്ട് ലഭിച്ചാൽ 7 പ്രവൃത്തി ദിവസം

17 ജനന രജിസ്റ്ററിൽ പേരു ചേർക്കൽ

ILGMS സോഫ്റ്റ്വെയറിൽ മാതാപിതാക്കൾ ഓൺലൈനായി അപേക്ഷ നൽകണം.	6 വയസ്സ് കഴിഞ്ഞാൽ സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കണം. കുടാതെ പഠിക്കുന്ന സ്കൂളിലെ ജനന തീയതിയും ജനനരജിസ്റ്ററിലെ ജനന തീയതിയും തമ്മിൽ 10 മാസത്തിലധികം വ്യത്യാസമുള്ളവക്ക് ജില്ലാ ജനനമരണ രജിസ്ട്രാറുടെ അനുമതിയും വേണം. ജനനം തിരുത്തലുകൾക്ക്. (1) 5 രൂപ സ്റ്റാമ്പ് പതിച്ച മാതാപിതാക്കളുടെ സംയുക്ത അപേക്ഷ. (2) 18 വയസ്സ് തികഞ്ഞവർക്ക് സ്വയം അപേക്ഷിക്കാം. (3) One & same Certificate from village. (4) സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ്. (5) ഒർജിനൽ ജനന സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ പേരോ, വിലാസമോ തിരുത്തുന്നതിന് 100 രൂപയുടെ മുദ്ര പത്രത്തിൽ നോട്ടറി അഫിഡവിറ്റ് (ഒർജിനൽ ജനന സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതുകൂടി മുദ്രപത്രത്തിൽ ഉൾപ്പെടുത്തണം) ഒർജിനൽ ജനന സർട്ടിഫിക്കറ്റ് വിശ്വസ്നീയമാണെന്ന് രണ്ട് ഗസറ്റ് ഓഫീസറുടെ സാക്ഷ്യപത്രം	ഒരു വർഷം വരെ സൗജന്യം. തുടർന്ന് അഞ്ചു രൂപ ലേറ്റ് ഫീ.	ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് മൂന്ന് ദിവസം.

18 മരണ രജിസ്ട്രേഷൻ

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
ILGMS സോഫ്റ്റ്വെയറിൽ ഓൺലൈനായി 21 ദിവസത്തിനകം അപേക്ഷ നൽകണം	പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന മരണം മാത്രം. പഞ്ചായത്തിനു പുറത്തുനടക്കുന്ന മരണം ബന്ധപ്പെട്ടപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷനിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. അസ്വഭാവിക മരണങ്ങൾ റിപ്പോർട്ട്ചെയ്യേണ്ടത് പ്രാദേശിക പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനാണ്.	മരണം കഴിഞ്ഞ് 21 ദിവ സം വരെ സൗജന്യം. 30 ദിവസം വരെ രണ്ടു രൂപ ലേറ്റ് ഫീ.	ആശുപത്രിയിൽ വെച്ച് നടന്ന മരണമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം

19 ജനനം/മരണം വൈകി രജിസ്റ്റർ ചെയ്യൽ

ജനനം/മരണം നടന്ന് മുപ്പത് ദിവസം കഴിഞ്ഞ് ഒരുവർഷം വരെയുള്ള കാലാവധിക്കുള്ളിൽ ILGMS സോഫ്റ്റ്വെയറിൽ ഓൺലൈനായി ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷിപത്രം സഹിതം അപേക്ഷ നൽകേണ്ടതാണ്.	ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ വെച്ചു നടന്ന ജനന/മരണങ്ങൾ മാത്രം. സത്യവാങ്മൂലം ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഒരു വർഷംകഴിഞ്ഞ് റിപ്പോർട്ട് ചെയ്യുന്ന സംഗതിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി റവന്യു ഡിവിഷണൽ ഓഫീസറുടെ അനുമതിയോടെ മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ	30 ദിവസം മുതൽ 1 വർഷം വരെ അഞ്ചു രൂപ. ഒരു വർഷം കഴിഞ്ഞ് 10 രൂപ.	ജില്ലാ രജിസ്ട്രാർ / റവന്യൂ ഡിവിഷനൽ ഓഫീസർ എന്നിവരുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക്.

20 ജനന/മരണ സർട്ടിഫിക്കറ്റ്

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
യഥാസമയംജനന - മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നവയ്ക്ക് പ്രത്യേക അപേക്ഷ ആവശ്യമില്ല. എന്നാൽ വൈകി രജിസ്റ്റർ ചെയ്യുമ്പോഴും പിന്നീട് പകർപ്പ് ലഭിക്കുന്നതിനും 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കകണം. ഓൺലൈനായും അപേക്ഷിക്കാം.	മുദ്രപത്രത്തിൽ സർട്ടിഫിക്കറ്റ് വേണമെങ്കിൽ അപേക്ഷകന്റെ പേരിൽ വാങ്ങിയ 20 രൂപയിൽ കുറയാത്ത തുകക്കുള്ള മുദ്രപത്രം.	തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് രണ്ടുരൂപ, പകർത്തൽ ഫീസ് അഞ്ചുരൂപ.	ഏഴ് പ്രവർത്തി ദിവസം. യഥാ സമയം രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ

21 നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ്

5 രൂപയുടെ കോർട്ട്ഫീ സറ്റാമ്പ് പതിച്ച് അപേക്ഷിക്കണം. ജനനം രജിസ്റ്റർ ചെയ്യാനാണെങ്കിൽ മാതാപിതാക്കളുടെ സംയുക്താപേക്ഷ. ഓൺലൈനായും അപേക്ഷിക്കാം.	ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം. ജനനം രജിസ്റ്റർ ചെയ്യാനാണെങ്കിൽ ജനനസ്ഥലംതെളിയിക്കുന്നതിനുള്ള രേഖ	തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് രണ്ടു രൂപ. സർട്ടിഫിക്കറ്റ്	അന്വേഷണം പൂർത്തിയാവുന്ന മുറയ്ക്ക്

22 വിവാഹ രജിസ്ട്രേഷൻ (പൊതു വിവാഹ ചട്ടപ്രകാരം)

വിവാഹം - പൊതുവിവാഹം - അനുബന്ധ രേഖകൾസഹിതം രണ്ട് സാക്ഷികളുടെ തിരിച്ചറിയൽരേഖ സഹിതം ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്.	പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന വിവാഹം മാത്രം. വിവാഹം നടന്ന് 45 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം. വരന് 21 വയസ്സും വധുവിന് 18 വയസ്സും പൂർത്തിയായിരിക്കണം. അറിയപ്പെടുന്ന 2 സാക്ഷികൾ ഉണ്ടായിരിക്കണം. ആദ്യവിവാഹമല്ലെങ്കിൽ മുൻവിവാഹം ഒഴിവായ/വേർപിരിഞ്ഞതിന്റെ നിയമപരമായ രേഖകൾ ഹാജരാക്കണം.	രജിസ്ട്രേഷൻ 100 രൂപ. സർട്ടിഫിക്കറ്റ് 20 രൂപ. 45 ദിവസത്തിനുശേഷം രജിസ്റ്റർ ചെയ്യുന്ന വിവാഹങ്ങളിൽ പിഴയായി 100 രൂപ.	7 ദിവസത്തിനകം

23 വിവാഹം 5 വർഷത്തിലധികം വൈകി രജിസ്റ്റർ ചെയ്യൽ (പൊതുവിവാഹ ചട്ടപ്രകാരം)

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
പാസ്പോർട്ട്സൈസ് ഫോട്ടോ പതിച്ച മെമ്മോറാണ്ടം 2 കോപ്പി (2 ഫോട്ടോകൾ വേറെയും) വിവാഹം സംബന്ധിച്ച തെളിവ്, വയസ്സ് തെളിയിക്കുന്ന രേഖ, ഫോറം നമ്പർ II ലുള്ള സാക്ഷ്യപത്രം. രേഖകൾ എല്ലാം ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം, രജിസ്ട്രാർമാർക്കുള്ള അപേക്ഷ എന്നിവയുമായി ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്.	45 ദിവസം മുതൽ 5 വർഷം വരെ താമസ രജിസ്ട്രാർക്കു തന്നെ പിഴ ഈടാക്കി രജിസ്റ്റർ ചെയ്യാം.	100 രൂപ. പിഴ 250 രൂപ. സർട്ടിഫിക്കറ്റ് ഫീ 20 രൂപ	രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭിച്ച് 5 ദിവസത്തിനകം

24 വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച്). വ്യാപാരം/സ്ഥാപനം നടത്തുന്ന കെട്ടിടം അപേക്ഷകന്റെ സ്വന്തം പേരിലല്ലെങ്കിൽ കെട്ടിട ഉടമസ്ഥന്റെ സമ്മതപത്രവും വാടക കരാറും ഹാജരാക്കേണ്ടതാണ്. ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു മാസം മുമ്പ് പഴയ ലൈസൻസിന്റെ പകർപ്പ്, അപേക്ഷകന്റെ തിരിച്ചറിയൽ രേഖ എന്നിവയുമായി ഓൺലൈനായും അപക്ഷിക്കാവുന്നതാണ്.	പുതുതായി ആരംഭിക്കുവാൻ 30 ദിവസം മുമ്പ് അപേക്ഷ നൽകുക. കെട്ടിടം സംബന്ധിച്ച രേഖ (വാടക കെട്ടിടമാണെങ്കിൽ സമ്മതപത്രം, വാടകചീട്ട് മറ്റു വകുപ്പുകളിൽ നിന്ന് നിരാക്ഷേപപത്രം (ആവശ്യമുള്ള സംഗതികളിൽ) എന്നിവ ഹാജരാക്കേണ്ടതാണ്. സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിച്ചിരിക്കണം. തൻ വർഷ കെട്ടിട നികുതി അടക്കണം.	പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് 1. Micro Enterprises: a) ഉൽപാദനമേഖല - മുതൽ മുടക്ക് 25 ലക്ഷം രൂപ b) സേവന മേഖല - മുതൽ മുടക്ക് 10 ലക്ഷം രൂപ 500 രൂപ. 2. Mini Enterprises: a) ഉൽപാദനമേഖല - മുതൽ മുടക്ക് 25 ലക്ഷം < 1 കോടി രൂപ b) സേവന മേഖല - മുതൽ മുടക്ക് 10 ലക്ഷം < 50 ലക്ഷം 1000 രൂപ. 3. Small Enterprises: a) ഉൽപാദനമേഖല - മുതൽ മുടക്ക് 1 കോടി < 5 കോടി രൂപ b) സേവന മേഖല - മുതൽ മുടക്ക് 50 ലക്ഷം < 2 കോടി 5000 രൂപ. 4. Medium Enterprises: a) ഉൽപാദനമേഖല - മുതൽ മുടക്ക് 5 കോടി < 10 കോടി രൂപ b) സേവന മേഖല - മുതൽ മുടക്ക് 2 കോടി < 5 കോടി 10000 രൂപ.	മറ്റ് സ്ഥാപനങ്ങളിൽ നിന്ന്നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമി ാത്ത സംഗതിയിൽ 7 ദിവസം മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 7 ദിവസത്തിനകം

25 ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നത്

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
നിശ്ചിത ഫോറത്തിലുള്ള ഉടമയുടെ അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച്) കെട്ടിടം വാടകക്കാണെങ്കിൽ ഉടമയുടെ സമ്മതപത്രം. ILGMS സോഫ്റ്റ്വെയറിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്	സ്ഥലത്തിന്റെ രേഖ (ബ്രിജിനലും പകർപ്പും), കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ്പ്ലാൻ, സമീപവാസികളുടെ സമ്മതപത്രം, മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ടുന്ന നിരാക്ഷേപപത്രങ്ങൾ (ഉദാ: പൊലൂഷൻ കൺട്രോൾ ബോർഡ്, ആരോഗ്യ വകുപ്പ്, വൈദ്യുതി വകുപ്പ്, ഫയർഫോഴ്സ്), തൻവർഷ കെട്ടിടനികുതി അടക്കണം.	വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന വയുടെ ഹിന്ത് നിരക്ക് ഒരു HP വരെ Rs. 10/- 1-5 HP വരെ Rs. 50/- 5-10 HP വരെ Rs. 100/- 10-20 HP വരെ Rs. 200/- 20-30 HP വരെ Rs. 300/- 30-40 HP വരെ Rs. 400/- 40-50 HP വരെ Rs. 500/- 50-100 HP വരെ Rs. 1000/- 100-200 HP വരെ Rs. 2000/-	45 ദിവസം

26 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ രജിസ്ട്രേഷൻ

നിശ്ചിത ഫോറത്തിൽ അഞ്ചുരൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് അപേക്ഷ നൽകുക.	കെട്ടിടം സംബന്ധിച്ച രേഖ (വാടക കെട്ടിടമാണെങ്കിൽ സമ്മതപത്രം, വാടകചീട്ട്) മുതലായവ ഉണ്ടായിരിക്കണം. രജിസ്ട്രേഷൻ പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു മാസം മുമ്പ് പഴയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകണം, തൻവർഷ കെട്ടിടനികുതി അടക്കണം.	സർട്ടിഫിക്കറ്റ് ഫീസ് 200 രൂപ. (രജിസ്ട്രേഷൻ) 50 രൂപ (പുതുക്കൽ)	15 ദിവസത്തിനകം.

27 പന്നി, പട്ടി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ്

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
വെള്ളക്കടലാസിലുള്ള അപേക്ഷ (അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച്) നൽകുക. പ്രായം, ഇനം, നിറം എന്നിവ കാണിക്കണം.	പ്രതിരോധ കുത്തിവെയ്പ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പമുണ്ടാകണം.	ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണ്.	മൂന്ന് ദിവസം

ലൈസൻസ് പൊതുനിബന്ധനകൾ

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിരിക്കണം. വ്യവസായം തുടങ്ങുന്നതു മൂലം പൊതു ജനത്തിന് ഹാനികരമാണെന്നോ, ശല്യമുണ്ടെന്നോ തോന്നുന്ന പക്ഷം അപേക്ഷ പഞ്ചായത്ത് കമ്മിറ്റിക്ക് നിരസിക്കാവുന്നതാണ്. പഞ്ചായത്ത് ലൈസൻസ് ഉള്ള സ്ഥാപനമായാലും ഫാക്ടറി, വർക്ക് ഷോപ്പ് മുതലായവയിൽ നിന്നുള്ള ശല്യം ഇല്ലാതാക്കാൻ 233 (എ) വകുപ്പ് പ്രകാരം പഞ്ചായത്തിന് അധികാരമുണ്ട് . സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിധിയിൽപെടുന്ന വ്യവസായങ്ങൾക്ക് പഞ്ചായത്തിൽ നിന്നും പെർമിഷൻ നൽകുന്നതിന് മുമ്പായി കൺസന്റ് ടു എസ്റ്റാബ്ലിഷ്മെന്റ് സർട്ടിഫിക്കറ്റും ലൈസൻസ് നൽകുന്നതിന് മുൻപായി കൺസന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റും ആവശ്യമാണ്. കൂടാതെ മലിനീകരണത്തിന് സാധ്യതയുള്ള വ്യവസായമാണെങ്കിൽ ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തിയതു സംബന്ധിച്ച് ആരോഗ്യ വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമല്ലാതെയും സ്ഥാപനങ്ങൾ നടത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. (വകുപ്പ് : 236)

28 വാർദ്ധക്യ കാല പെൻഷൻ

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ടു പകർപ്പുകൾ. പ്രായം തെളിയിക്കുന്നതിന് ജനനസർട്ടിഫിക്കറ്റ്/മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, താമസസ്ഥലം തെളിയിക്കുന്ന റേഷൻകാർഡ്/ഐഡന്റിറ്റി കാർഡ്, എന്നിവയുടെ കോപ്പി, വരുമാന സർട്ടിഫിക്കറ്റ് , ആധാറിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം. അപേക്ഷ ഓൺലൈനായി സമർപ്പിക്കണം.	60 വയസ്സിനു മുകളിൽ പ്രായം. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. മൂന്നു വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം.	പ്രത്യേക ഫീസില്ല.	വി. ഇ. ഒ. യുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ച് 45 ദിവസത്തിനകം പാസാക്കി, പണത്തിന്റെ ലഭ്യതയനുസരിച്ച് അനുവദിക്കുന്നു.

29 അഗതി പെൻഷൻ (വിധവകൾക്കും വിവാഹ മോചിതർക്കും)

നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ട് പകർപ്പുകൾ, റേഷൻകാർഡിന്റെ/ഐഡന്റിറ്റി കാർഡിന്റെ കോപ്പി, ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ഏഴു വർഷമായി ഭർത്താവിനെകുറിച്ച് യാതൊരു വിവരവുമില്ലാത്തവർ അതുസംബന്ധിച്ച രേഖ (വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം) ആധാറിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കണം. നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാനാകില്ല. അപേക്ഷകൾ ഓൺലൈനായി അപേക്ഷിച്ച് ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കണം.	കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. രണ്ടു വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം.	പ്രത്യേക ഫീസില്ല.	ഐ. സി. ഡി. എസ്. സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ച് 45 ദിവസത്തിനകം പാസ്സാക്കി പണത്തിന്റെ ലഭ്യത അനുസരിച്ച് അനുവദിക്കുന്നു

30 ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ (വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, മന്ദബുദ്ധികൾ, ബധിരർ, മൂകർ, അന്ധർ തുടങ്ങിയവർക്ക്

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ടു പകർപ്പുകൾ, മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, താമസം തെളിയിക്കുന്നതിന് റേഷൻ കാർഡിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, ആധാറിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്	40% കുറയാത്ത വൈകല്യമുണ്ടെന്ന മെഡിക്കൽബോർഡിന്റെ സർട്ടിഫിക്കറ്റ് (ഓരോ വൈകല്യത്തിനും പ്രത്യേക ശതമാനമാവശ്യമാണ്.) കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. അപേക്ഷകന് സ്വന്തമായി 250 രൂപയിൽ കൂടുതൽ മാസവരുമാനം ഉണ്ടാകരുത്.	പ്രത്യേക ഫീസ് ആവശ്യമില്ല.	പി.എച്ച്.സി. ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ച് 45 ദിവസത്തിനകം പാസ്സാക്കുന്നു. പണത്തിന്റെ ലഭ്യതയനുസരിച്ച് അനുവദിക്കുന്നു

31 കർഷക തൊഴിലാളി പെൻഷൻ പ്രതിമാസം 1600 രൂപ

നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ടു പകർപ്പുകൾ. വയസ്, താമസസ്ഥലം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള അതിവർഷാനുകൂല്യ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ആധാറിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്	60 വയസ്സ് പൂർത്തിയായി കാർഷിക വൃത്തി ഉപജീവനമായി സ്വീകരിക്കുന്നവർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ കവിയരുത്. 10 വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം.	പ്രത്യേക ഫീസില്ല.	കൃഷി ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ച് 45 ദിവസത്തിനകം പാസ്സാക്കുന്നു. പണത്തിന്റെ ലഭ്യതയനുസരിച്ച് നൽകുന്നു

32 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ടു പകർപ്പുകൾ, താമസസ്ഥലം, വയസ്സ്, വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. ബാങ്ക് പാസ്ബുക്ക് ആധാർ എന്നിവയുടെ പകർപ്പ്	വിവാഹിതയല്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. (വില്ലേജ് ഓഫീസറുടെ) വാർഷിക കുടുംബ വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. സംസ്ഥാനത്ത് സ്ഥിര താമസമായിരിക്കണം. സ്വന്തമായി വരുമാനം ഉണ്ടാകരുത്.	പ്രത്യേക ഫീസുകൾ നൽകേണ്ടതില്ല.	ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ച് 45 ദിവസത്തിനകം പാസ്സാക്കുന്നു. പണത്തിന്റെ ലഭ്യതയനുസരിച്ച് അനുവദിക്കുന്നു

33 തൊഴിൽ രഹിതവേതനം

നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ടു പകർപ്പുകൾ, (എസ്.എസ്.എൽ.സി. ബുക്ക്, എംപ്ലോയ്മെന്റ് കാർഡ്, റേഷൻ കാർഡിന്റെ കോപ്പി, ടി.സി., വരുമാന സർട്ടിഫിക്കറ്റ് ആധാർ, ബാങ്ക് പാസ് ബുക്ക് പകർപ്പ് എന്നിവ ഹാജരാക്കണം)	കുടുംബ വാർഷിക വരുമാനം 12,000ൽ കവിയരുത്. അപേക്ഷകന് സ്വന്തമായി 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനമുണ്ടാകരുത്. രജിസ്ട്രേഷൻ യഥാകാലം പുതുക്കിയിരിക്കണം. 18 വയസ്സിനു ശേഷം തുടർച്ചയായി മൂന്ന് വർഷം രജിസ്ട്രേഷൻ നിലനിർത്തുന്നവരായിരിക്കണം. 35 വയസ്സ് കഴിയരുത്. വിദ്യാർത്ഥി ആയിരിക്കരുത്.	പ്രത്യേക ഫീസുകൾ നൽകേണ്ടതില്ല.	അന്വേഷണ റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം പാസ്സാക്കി എംപ്ലോയ്മെന്റ് ഓഫീസർക്ക് അയക്കും. പാസ്സായി വരുന്ന മുറക്ക്, പണത്തിന്റെ ലഭ്യതയനുസരിച്ച് നൽകുന്നു.

34 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം

അപേക്ഷിക്കുന്ന വിധം	നിബന്ധനകൾ	അടക്കേണ്ടുന്ന ഫീസ്	സേവനം ലഭിക്കുന്ന സമയ പരിധി
നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ടു പകർപ്പുകൾ. വിവാഹത്തിനു 30 ദിവസം മുമ്പ് നൽകണം. (അപേക്ഷകയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, പരേതന്റെ ഭാര്യയും മക്കളുമാണെന്നതിന്റെ രേഖ തുടങ്ങിയവ സഹിതം) വിവാഹ ക്ഷണ പത്രം, വരുമാന സർട്ടിഫിക്കറ്റ്	വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയരുത്. മൂന്നു വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം. ആദ്യ വിവാഹമായിരിക്കണം.	പ്രത്യേക ഫീസുകൾ നൽകേണ്ടതില്ല.	ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം പാസ്സാക്കുന്നു. പണത്തിന്റെ ലഭ്യതയനുസരിച്ച് നൽകുന്നു.

ക്ഷേമ പെൻഷനുകൾ സംബന്ധിച്ച പൊതുവിവരങ്ങൾ

1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരുലക്ഷത്തിൽ കവിയാൻ പാടുള്ളതല്ല. മക്കളുടെ വരുമാനം കണക്കാക്കേണ്ടതില്ല.
2. അപേക്ഷകൻ സർവ്വീസ് പെൻഷൻ കൈപ്പറ്റുന്ന ആളോ, കുടുംബ പെൻഷൻ കൈപ്പറ്റുന്ന ആളോ ആകാൻ പാടുള്ളതല്ല.
3. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തി ആകുവാൻ പാടുള്ളതല്ല.
4. അപേക്ഷകന്റെ പേരിലോ, കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു (ST വിഭാഗത്തിന് ബാധകമല്ല) ഉണ്ടായിരിക്കാൻ പാടുള്ളതല്ല.
5. അപേക്ഷകന് 2000 സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടമുണ്ടായിരിക്കാൻ പാടുള്ളതല്ല.
6. അപേക്ഷകൻ താമസിക്കുന്ന വീട്ടിൽ എയർകണ്ടീഷണർ ഉണ്ടാകാൻ പാടുള്ളതല്ല.
7. അപേക്ഷകന് സ്വന്തമായി 1000 സി.സി. യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനങ്ങൾ ഉണ്ടാകാൻ പാടുള്ളതല്ല.